## പതിന്നാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1910

15/07/2016-ൽ മറുപടിയ്ക്ക്.

## ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ.പി | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി ) |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; | (എ) | തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രം, ക്ഷീരസംഘങ്ങൾക്കുള്ള ധന സഹായം, പാൽ ഗുണനിലവാരം മെച്ച-പ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം, എന്നീ പദ്ധതികളാണ് സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. |
| (ബി) | ചെറുകിട ക്ഷീര കർഷകർ ഇപ്പോൾ ഏറെ നഷ്ടം സഹിച്ചാണ് ഈ മേഖലയിൽ തുടരുന്നത് എന്നത് കണക്കിലെടുത്ത്, അവർക്കായി എന്തെല്ലാം സഹായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (ബി) | ചെറുകിട ക്ഷീര കർഷകരെ ക്ഷീര കർഷകമേഖലയിൽ നിലനിർത്തുന്നതിന് വേണ്ടി കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് വികസന പദ്ധതി, പുൽകൃഷി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുവാൻ കഴിയുന്നതാണ്. മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതിയിലെ 2 പശു യൂണിറ്റ്, ഗോദാനം (1 പശു യൂണിറ്റ്) എന്നീ ഘടകങ്ങൾ ഇത്തരം കർഷകരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്. |
| (സി) | മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം പോലുള്ള പദ്ധതികളിൽ അന്യ സംസ്ഥാനത്തു നിന്നും പശുക്കളെ കൊണ്ടുവരണമെന്ന നിയമം ചെറുകിട കർഷകർ ഈ രംഗത്തേക്ക് വരുന്നതിനെ | (സി) | അന്യ സംസ്ഥാനത്തു നിന്നും പശുക്കളെ കൊണ്ടുവരുന്നതു സംബന്ധിച്ച് ചില പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ കർഷകർക്ക് ക്ഷീരോൽപ്പാദന |

നിരുത്സാഹപ്പെടുത്തുന്നു എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; കെ.എൽ.ഡി.ബോർഡ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ഉല്പാദനമേന്മയുള്ള പശുക്കളെ കർഷകർക്ക് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ ?

രംഗത്തേക്ക് വരുന്നതിന് ഇത് തടസ്സമല്ല.

കെ.എൽ.ഡി. ബോർഡ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ഉല്പാദനമേന്മയുള്ള പശുക്കളെ കർഷകർക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.